**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1897** **09-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരിക്കെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ഒ എസ് അംബിക** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്ന് വ്യാപനം തടയുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മയക്കമരുന്ന് വ്യാപനം തടയുന്നതിനായി സർക്കാർ ബൃഹത് പദ്ധതി കളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഒന്നാംഘട്ടം ഒക്ടോബർ-6 ന് ആരംഭിച്ച് കേരള പിറവി ദിനമായ നവംബർ-1 ന് അവസാനിക്കുക യുണ്ടായി. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് സർക്കാർ വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആയത് സർക്കുലർ രൂപേണ ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അയച്ചു കൊടുത്ത് നടപ്പിലാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയുമുണ്ടായി. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് **<u>അനുബന്ധം</u> ' എ '** ആയി ചേർത്തിട്ടുണ്ട്. ഒന്നാം ഘട്ട പ്രവർത്തന ങ്ങളുടെ സമാപനത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി നടപ്പിലാക്കിയ കോളേജുകൾക്ക് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. കൂടാതെ, കോളേജുകളിൽ No to Drugs എന്ന വിഷയത്തെ ആസ്പദമാക്കി ബോധപൂർണ്ണിമ എന്ന പേരിൽ കഥ, കവിത, ഷോർട്ട് ഫിലിമുകൾ, ലേഖനം, ചിത്രരചന എന്നിവ ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തുകയും ആയതിൽ വിജയികളായവർക്ക് ബഹു. ഉന്നത വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പുരസ്കാരവും, പ്രശസ്തിപത്രവും നൽകുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും ഈ സംരംഭത്തിൽ പങ്കാളികളായി. കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തീയതി ലഹരി വിരുദ്ധ ഒന്നാംഘട്ട ക്യാമ്പയിന്റെ സമാപന ത്തോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി നടന്ന |

| | | | |
|---|---|---|---|
| | | | ലഹരി വിരുദ്ധ മനുഷ്യച്ചങ്ങലയുടെ ഭാഗമായി കോളേജുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരും, വിദ്യാർഥികളും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ലഹരി വസ്തുക്കൾ പ്രതീകാത്മകമായി കത്തിക്കുകയും ചെയ്യുകയുണ്ടായി. സമാപന സമ്മേളനത്തോടനു ബന്ധിച്ച് പി.റ്റി.എ. പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, കലാലയവുമായി ബന്ധമുള്ള പൊതുപ്രവർത്തകർ, വിദ്യാലയ വികസന സമിതി പ്രതിനിധികൾ, പോലീസ് എക്സൈസ് ഉദ്യോഗസ്ഥർ, ആരോഗ്യസ്ഥാപന പ്രതിനിധി കൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം ലഹരി വിരുദ്ധ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>ലഹരി വിരുദ്ധ ക്യാമ്പയിന്റെ രണ്ടാം ഘട്ടം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന കലാലയ ക്യാമ്പസു കളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധി ച്ചുള്ള വിശദാംശങ്ങൾ ഒരു അറിയിപ്പ് മാതൃകയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപങ്ങൾക്കും അയച്ചു കൊടുത്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് **<u>അനുബന്ധം</u> ' ബി '** ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ലഹരിക്കെതിരായ പോരാട്ടം വളരെ ചെറുപ്രായത്തിൽത്തന്നെ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് വരുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ' എ ' യിൽ നൽകിയിരിക്കുന്നു. |
| (സി) | ലഹരിവിരുദ്ധ പ്രചരണം സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുന്നതിന് വിദ്യാർത്ഥികൾ ഉൾപ്പെട്ട സ്ഥിരവും സജീവവുമായ സമിതികൾക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (സി) | ലഹരിവിരുദ്ധ പ്രചരണം സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുന്നതിന് വിദ്യാർത്ഥികൾ ഉൾപ്പെട്ട സ്ഥിരവും സജീവവുമായ സമിതികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി NSS, NCC എന്നിവയുടെ ആഭിമുഖ്യത്തിൽ ഓരോ കാമ്പസിൽ നിന്നും വിദ്യാർത്ഥികളെ ഉൾ പ്പെടുത്തി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ' ആസാദ് ' എന്ന പേരിൽ ഒരു ലഹരിവിരുദ്ധ സേന ഇതിനോടകം തന്നെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സേനയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിലെ ലഹരി ഉപയോഗം കണ്ടെത്തി ആയത് തടയുന്നതിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ലഹരി ഉപയോഗം തടയുന്നതിനായി വിമുക്തി ക്ലബ്ബുകൾ എല്ലാ ക്യാമ്പസുകളിലും സ്ഥാപിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ശ്രദ്ധ, നേർക്കൂട്ടം എന്നിവയുടെ പ്രവർത്തനം എല്ലാ സ്ഥാപനങ്ങളിലും വിപുലപ്പെടുത്താനും ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് വാർഡൻമാരുടെ അധ്യക്ഷതയിൽ പ്രത്യേക ' ശ്രദ്ധ കമ്മിറ്റികൾ ' രൂപീകരിക്കാനും സ്ഥാപന മേധാവികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - എ

I/5436301/2022

"ലഹരിമുക്ത കേരളം"

Break the chain

കേരള സർക്കാർ

നം: K3/181/2022-HEDN

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-09-2022

## സർക്കുലർ

വിഷയം:- ഉന്നത വിദ്യാഭ്യാസവകുപ്പ് - ലഹരി വിമുക്ത കേരളം - ലഹരിവിരുദ്ധ പ്രചാരണവുമായി ബന്ധപ്പെട്ട കർമ്മപരിപാടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലും മറ്റ് സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:- ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 30-8-2022, 13-9-2022 തീയതികളിൽ കൂടിയ യോഗത്തിന്റെ മിനിട്സ്.

**********************

മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ' ലഹരിമുക്ത കേരളം ' ലഹരിവിരുദ്ധ പ്രചാരണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സംസ്ഥാനതല സമിതി അംഗീകരിച്ച കർമ്മപരിപാടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1. ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ വരുന്ന പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലും/സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 28-09-2022 -ന് മുമ്പ് വിദ്യാലയതല സമിതികൾ രൂപീകരിക്കണം.
2. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് രാവിലെ 10 മണിക്ക് ലഹരി വിരുദ്ധ പ്രചാരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവഹിക്കും. അന്നേ ദിവസം ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ വരുന്ന പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലും/ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എല്ലാ ഗ്രന്ഥശാലകളിലും ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഉദ്ഘാടനം പരിപാടി സംഘടിപ്പിക്കണം. രാവിലെ 9.30 -ന് ഉദ്ഘാടന പരിപാടി ആരംഭിക്കണം. സ്വാഗതം, അദ്ധ്യക്ഷപ്രസംഗം എന്നിവ 10 മണിക്ക് മുമ്പായി നടത്തണം. കൃത്യം 10 മണിയ്ക്ക് ബഹു. മുഖ്യമന്ത്രിയുടെ ഉദ്ഘാടനപ്രസംഗം ലൈവ് കേൾപ്പിക്കാനുള്ള സംവിധാനം ഓരോ കേന്ദ്രത്തിലും തയ്യാറാക്കണം. അതതു പ്രദേശത്തെ ജനപ്രതിനിധികൾ വിവിധ സംഘടനകളുടെയും കൂട്ടായ്മകളുടെയും പ്രതിനിധികൾ കലാ-കായിക പ്രതിഭകൾ തുടങ്ങി പരമാവധി പേരുടെ പങ്കാളിത്തം ഉദ്ഘാടന പരിപാടിയിൽ അതതു സ്ഥലത്തെ സംഘാടകർ ഉറപ്പാക്കണം. വിദ്യാലയങ്ങൾ ക്ക് അവധിയാണെങ്കിലും പ്രസ്തുത പരിപാടി ഈ ദിവസം നടത്തുന്നതിനുള്ള തീരുമാനവും നടപടിയുമുണ്ടാകണം. ഉദ്ഘാടന പരിപാടിയുടെ പ്രചരണം പോസ്റ്ററുകൾ, ബോർഡുകൾ, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയവയിലൂടെ വ്യാപകമായി നടത്തണം. ഇതിന് വിവിധ സംഘടനകളുടെയും മറ്റും സഹായം തേടാവുന്നതാണ്. വിദ്യാലയ തല സമിതികൾ

മുൻകൈയെടുത്ത് പ്രചരണ ബോർഡുകൾ സ്ഥാപിക്കുകയും മറ്റും വേണം. പ്രചരണ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ വരുന്ന പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലെയും/ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും എല്ലാ സംഘടനകളോടും അഭ്യർത്ഥന നടത്താവുന്നതാണ്.

3. ഒക്ടോബർ 3 -ന് എല്ലാ കലാലയങ്ങളിലും, ഓരോ ക്ലാസ് റൂമിലും ഈ വിഷയത്തെ ആസ്പദമാക്കി ചർച്ചയും സംവാദവും സംഘടിപ്പിക്കണം. ആദ്യം ബഹു. മുഖ്യമന്ത്രിയുടെ 02-10-2022 -ന്റെ പ്രസംഗം ക്ലാസ് റൂമിൽ കേൾപ്പിക്കണം. തുടർന്ന് വിദ്യാർത്ഥികളുടെ ചർച്ച അധ്യാപകന്റെ ക്രോഡീകരണം എന്ന രീതിയിലാകണം ക്ലാസ് റൂം ഡിബേറ്റ് സംഘടിപ്പിക്കേണ്ടത്. ബഹു. മുഖ്യമന്ത്രിയുടെ പ്രസംഗം ഓരോ ക്ലാസ് റൂമിലും കേൾപ്പിക്കാൻ സംവിധാനമില്ലാത്ത ഇടങ്ങളിൽ ഒരുമിച്ചുള്ള അസംബ്ലിയോ മറ്റോ സംഘടിപ്പിച്ച് ടി പ്രസംഗം പ്രക്ഷേപണം ചെയ്യാവുന്നതാണ്. ഒക്ടോബർ 6, 7 തീയതികളിൽ എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ/എം.പി.ടി.എ/വികസനസമിതി നേതൃത്വത്തിൽ രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കണം. നവംബർ 1 ന്റെ മനുഷ്യ ശൃംഖലയുടെ ആസൂത്രണവും ഇതിൽ വെച്ച് നടത്തണം.

4. ഒക്ടോബർ 8 മുതൽ 12 വരെ ലൈബ്രറികൾ, ഹോസ്റ്റലുകൾ, ക്ലബ്ബുകൾ തുടങ്ങിയ വ്യത്യസ്ത കൂട്ടായ്മകളുടെ നേതൃത്വത്തിൽ പരമാവധി കേന്ദ്രങ്ങളിൽ ഈ വിഷയത്തെ ആസ്പദമാക്കി സംവാദവും പ്രതിജ്ഞയെടുക്കലും സംഘടിപ്പിക്കണം. ഈ പരിപാടികളിലെല്ലാം ബഹു. മുഖ്യമന്ത്രിയുടെ 02-10-2022 ന്റെ ഉദ്ഘാടന പ്രസംഗം കേൾപ്പിക്കാൻ സംവിധാനമുണ്ടാക്കേണ്ടതാണ്. വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തികളുടെ സാന്നിദ്ധ്യം അതത് സംഘാടകർ ഉറപ്പ് വരുത്തി ചർച്ചകൾക്ക് ശേഷം പ്രതിജ്ഞ എടുക്കണം.

5. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ എല്ലാ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ ഏറ്റെടുക്കണം. ഇതിനായി പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്യണം. പരിപാടികൾ ആവിഷ്കരിച്ചാൽ അതിന്റെ വിശദാംശം സംസ്ഥാനതല സമിതിയുടെ കോ-ഓർഡിനേറ്ററെ അറയിക്കണം.

6. എല്ലാ വിദ്യാലയങ്ങളിലും ലഹരി വിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കണം. അതിനുള്ള സാമഗ്രികൾക്കും സഹായത്തിനുമായി S C E R T , എക്സൈസ് വകുപ്പ് എന്നിവയെ സമീപിക്കേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികളുടെ സഹായവും തേടേണ്ടതാണ്. സ്ഥാപനം, സർവ്വകലാശാല, സംസ്ഥാനം എന്നിവയടിസ്ഥാനത്തിൽ കവിത, കഥ, ലേഖനം, ലഘുനാടകം, പോസ്റ്റർ നിർമ്മാണം, ഹ്രസ്വചിത്ര നിർമ്മാണം എന്നിവ ഉൾപ്പെടുത്തി വിപുലമായ രീതിയിൽ മത്സരങ്ങൾ നടത്തണം.

7. വിമുക്തി ക്ലബ്ബുകൾ എല്ലാ ക്യാമ്പസുകളിലും സ്ഥാപിച്ച് അവയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ സ്ഥാപന മേധാവികൾ അടിയന്തിര നടപടി സ്വീകരിക്കണം.

8. ശ്രദ്ധ, നേർക്കൂട്ടം എന്നിവയുടെ പ്രവർത്തനം എല്ലാ സ്ഥാപനങ്ങളിലും കൊണ്ടുവരികയും അവയുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും ചെയ്യണം. ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് വാർഡൻമാരുടെ അധ്യക്ഷതയിൽ പ്രത്യേക 'ശ്രദ്ധ കമ്മിറ്റികൾ' രൂപീകരിക്കണം.

9. ലൈബ്രറി കൗൺസിലിന്റെ മേൽനോട്ടത്തിൽ നേരത്തെ തുടങ്ങി വച്ച ജനജാഗ്രത സദസുകൾ കൂടുതൽ യുവാക്കളെയും, വിദ്യാർത്ഥികളെയും സംഘടിപ്പിച്ചുകൊണ്ട് എല്ലാ ലൈബ്രറികളിലും വിപുലപ്പെടുത്തേണ്ടതാണ്.

10. ദീപാവലിയോടനുബന്ധിച്ച് (ഒക്ടോബർ 24 ന് ) ലഹരി വിരുദ്ധ ദീപം തെളിയിക്കൽ നടത്തണം.

11. എല്ലാ ഗ്രന്ഥശാലകളിലും ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഒക്ടോബർ 23, 24 തീയതികളിൽ പ്രത്യേകം പരിപാടികൾ നടത്തേണ്ടതാണ്.

12. ഒക്ടോബർ 28 ന് എൻ.സി.സി. , എൻ.എസ്.എസ്. , എസ്.പി.സി. , സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സൈക്കിൾ റാലികൾ സംഘടിപ്പിക്കണം.

13. എൻ.എസ്.എസ്. ന്റെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കണം.

14. ഇക്കാലയളവിൽ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ കായിക മത്സരങ്ങൾ സംഘടിപ്പിക്കണം.

15. സെലിബ്രിറ്റികൾ, പ്രമുഖ വ്യക്തികൾ, ജനപ്രതിനിധികൾ ഉടങ്ങിയവർ അണി ചേരുന്ന കൂട്ടയോട്ടം പോലുള്ളവ സംഘടിപ്പിക്കണം.

16. ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ വരുന്ന പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിലും/സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ ക്യാമ്പയിന്റെ സമാപനം കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് നടത്തണം. നവംബർ 1 -ന് മയക്കുമരുന്ന് കത്തിക്കലും ലഹരി വിരുദ്ധ മനുഷ്യശൃംഖലയും സംഘടിപ്പിക്കണം. ഓരോ വാർഡിലും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചാണ് ഇത് സംഘടിപ്പിക്കേണ്ടത്. വിദ്യാലയങ്ങൾ ഇല്ലാത്ത വാർഡുകളിൽ ആ വാർഡുകളിലെ പ്രധാന കേന്ദ്രങ്ങളിൽ മനുഷ്യശൃംഖല നടത്തേണ്ടതാണ്. അന്നേ ദിവസം 2.30-ന് കേന്ദ്രീകരണമുണ്ടാകണം. ട്രയൽ ഉൾപ്പെടെ നടത്തി കൃത്യം 3 മണിക്ക് മനുഷ്യശൃംഖല രൂപപ്പെടുത്തണം. പ്രതിജ്ഞ ചൊല്ലി ശൃംഖല പിരിയുകയും മയക്കുമരുന്ന് (പ്രതീകാത്മകമായി) കത്തിച്ച് കുഴിച്ചു മൂടുകയും വേണം. ഓരോ കേന്ദ്രത്തിലും പരമാവധി പങ്കാളിത്തം ഉറപ്പ് വരുത്തണം. സെലിബ്രിറ്റികൾ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെയും അതാതിടത്ത് പ്രത്യേകം ക്ഷണിച്ച് പങ്കെടുപ്പിക്കണം. ഈ പരിപാടിയുടെ പ്രചരണാർത്ഥം ഒക്ടോബർ 30, 31 തീയതികളിൽ വിളംബര ജാഥകൾ വ്യാപകമായി സംഘടിപ്പിക്കേണ്ടതാണ്.

സജുകുമാർ എൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
4. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
   സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
5. സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
6. പ്രവേശന പരീക്ഷാ കമ്മീഷണർ, 7ാം നില, കെ.എസ്, ആർ.റ്റി.സി ബസ് ടെർമിനൽ കോംപ്ലക്സ് തമ്പാനൂർ , തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് റ്റി.സി 86/1949(2), എൻ.എച്ച്.ബൈ പാസ്സ് ജംഗ്ഷൻ, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം
8. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
   ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഒ., തിരുവനന്തപുരം -3
9. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
10. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല,

കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/ മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, നുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കുരിപ്പുഴ, കൊല്ലം/ഡിജിറ്റൽ സർവ്വകലാശാല, ടെക്നോസിറ്റി കാമ്പസ്, മംഗലപുരം, തോന്നയ്ക്കൽ പി.ഒ.,കേരളം.

11. മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഉന്നതവിദ്യാഭ്യാസ കൌൺസിൽ, കെ.എസ്.എസ്. ടി.എം.ക്യാമ്പസ്, പി.എം.ജി, തിരുവനന്തപുരം

12. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ പി.ഓ., തിരുവനന്തപുരം.

13. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് തെക്കുംതല, കോട്ടയം.

ഉത്തരവിൻ പ്രകാരം

Signed by Sobha D

Date: 27-09-2022 17:04:08

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ

(അനുബന്ധം - ബി)

5512245/2022

"ഭരണഭാഷ മാതൃഭാഷ"

Break the Chain

കേരള സർക്കാർ

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ : K3/291/2022/HEDN

28-11-2022,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/ മലയാളം സർവ്വകലാശാല, തിരൂർ/നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, എച്ച്.എം.റ്റി.കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/എ.പി.ജെഅബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കരിക്കോട്ട, കൊല്ലം.
4. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
5. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
6. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
7. സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, തിരുവനന്തപുരം
8. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
9. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
10. ഡയറക്ടർ, CCEK, ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഒ., തിരുവനന്തപുരം -3
11. ഡയറക്ടർ, IHRD, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം
12. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസവകുപ്പ് - ലഹരി വിമുക്ത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തോടനുബന്ധിച്ച് കലാലയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:- ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ 21-11-2022-ാം തീയതിയിലെ അറിയിപ്പ്.

ലഹരി വിമുക്ത കേരളത്തിനായുള്ള യജ്ഞത്തിന്റെ രണ്ടാം ഘട്ടം അതിവിപുലമായി നിർവ്വഹിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ കലാലയ ക്യാമ്പസുകളിലും നടപ്പിലാക്കേണ്ടതായ പദ്ധതികളെ സംബന്ധിച്ച ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അറിയിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത അറിയിപ്പ് അതേ രൂപത്തിൽ തന്നെ "ഇത് എല്ലാ കലാലയങ്ങളും അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്" എന്ന നിർദ്ദേശം സഹിതം, താങ്കളുടെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ശ്രീദേവി പി എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by Sobha D
Date: 28-11-2022 13:01:39
സെക്ഷൻ ഓഫീസർ.

<u>അറിയിപ്പ്</u>

ലഹരിമുക്ത കേരളത്തിനായുള്ള യജ്ഞത്തിന്റെ രണ്ടാം ഘട്ടം അതിവിപുലമായി നിർവഹിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ കലാലയ കാമ്പസുകളിലും 2023 ജനുവരി 26 വരെ താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിക്കുകയും "നോ റ്റു ഡ്രഗ്സ്" പ്രചാരണപരിപാടി കാമ്പസുകളിലെ ഏറ്റവും ശ്രദ്ധേയമായ പരിപാടിയായി മാറുന്നതിനു വേണ്ട പ്രവർത്തനം ചെയ്യേണ്ടതും ആണ്.

1. എല്ലാ ക്ലാസ്സിലും വിദ്യാർത്ഥികളുടെ സഭകൾ ചേർന്ന് മയക്കമരുന്നുമായി ബന്ധപ്പെട്ട ചർച്ച സംഘടിപ്പിക്കണം. ആദ്യഘട്ടത്തിൽ നടത്തിയ ലഹരി വിരുദ്ധ പരിപാടികൾ ചർച്ച ചെയ്യണം.
2. "ആസാദ്" എന്ന പേരിൽ രൂപീകരിച്ച ലഹരി വിമുക്തി സേന പരിശീലനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കണം.
3. ലഹരി വിമുക്ത കാമ്പസിനായുള്ള മാസ്റ്റർ പ്ലാൻ എല്ലാ സ്ഥാപനങ്ങളും തയ്യാറാക്കണം.
4. ഈ മാസ്റ്റർ പ്ലാൻ ക്ലാസ്സ് സഭകളിൽ ചർച്ച ചെയ്യണം.
5. മയക്കമരുന്നിനെതിരേ ഫുട്ബോൾ ലഹരി ലോകകപ്പ് മത്സരം നടക്കുന്ന സന്ദർഭത്തിൽ ഫുട്ബോൾ താല്പര്യത്തോടൊപ്പം മയക്കമരുന്നിനെതിരായ സന്ദേശം ജനങ്ങളിലേയ്ക്കെത്തിക്കാൻ സംസ്ഥാനത്തെങ്ങും 2 കോടി ഗോൾ അടിക്കുന്ന പരിപാടി സംഘടിപ്പിക്കാൻ കായിക വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ കലാലയങ്ങളിലും No to Drugs സ്റ്റിക്കർ പതിപ്പിച്ച ഗോൾപോസ്റ്റും പന്തുകളും ഒരുക്കണം. മുഴുവൻ സമയവും ഗോളടിക്കാൻ തയ്യാറാക്കിനിർത്തുകയും ഇഷ്ടമുള്ളപ്പോൾ ആർക്കും വന്ന് ഗോളടിക്കാൻ കഴിയുന്ന രീതിയിൽ പരിപാടി സംഘടിപ്പിക്കണം. പങ്കെടുക്കുന്ന എല്ലാവർക്കും ബാഡ്ജും ലഘുലേഖയും നൽകണം. ഗോളടിച്ചാൽ എണ്ണവും പേരും ഓരോരുത്തർക്കും രേഖപ്പെടുത്താനാകുന്ന സംവിധാനമുണ്ടാകണം. "No ToDrugs Challenge" എന്നാണ് പരിപാടിയുടെ പേര്. ചലഞ്ച് അവസാനിച്ചാൽ ആകെ പങ്കെടുത്തവരും അടിച്ച ഗോളുകളും പ്രദർശിപ്പിക്കണം. ഒരാഴ്ച നീണ്ടു നിൽക്കുന്ന ഗോൾ ചലഞ്ചാണ് സംഘടിപ്പിക്കേണ്ടത്. പെൺകുട്ടികളുടെ പ്രാതിനിധ്യം പ്രത്യേകം ഉറപ്പാക്കണം. ഗോൾ പോസ്റ്റിനു ചുറ്റും No To Drugs ചിത്രങ്ങളും ബോർഡുകളും പ്രദർശിപ്പിക്കണം.
6. എല്ലാ കലാലയങ്ങളും ഫ്ലാഷ് മോബ് ടീമുകൾ തയ്യാറാക്കി പൊതു ഇടങ്ങളിൽ അവതരിപ്പിക്കണം.
7. ഡിസംബർ 4 മുതൽ 10 വരെ മനുഷ്യാവകാശ വാരമായി ആചരിക്കുകയും ഇതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം. ഡിസംബർ 10 മനുഷ്യാവകാശ ദിനത്തിൽ വൈകുന്നേരം എല്ലാ കലാലയങ്ങളുടേയും അഭിമുഖ്യത്തിൽ 1 മുതൽ 2 മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന കവല യോഗങ്ങൾ സംഘടിപ്പിക്കണം. NSS, NCC, വിമുക്തി ക്ലബ് മുതലായവയുടെ പങ്കാളിത്തം ഉറപ്പാക്കണം. കുടുംബശ്രീ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ പ്രാദേശിക കൂട്ടായ്മകൾ എന്നിവരെ കവല യോഗത്തിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കണം. യോഗത്തിൽ അവതരിപ്പിക്കാനുള്ള പ്രസംഗത്തിന്റെ കുറിപ്പ് മുൻകൂട്ടി തയ്യാറാക്കി നൽകണം.

8. NSS ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിലും സ്ഥാപനത്തിലും സംവാദ പരിപാടികൾ സംഘടിപ്പിക്കണം.
9. സോഷ്യൽ മീഡിയ കാമ്പയിൻ - ഹാഷ്ടാഗ് ചലഞ്ച് എന്നിവ സംഘടിപ്പിക്കണം. ലഹരി വിരുദ്ധ ആശയം ഉൾക്കൊള്ളിച്ചുള്ള പോസ്റ്ററുകൾ, കാർട്ടൂണുകൾ, ട്രോളുകൾ, റീൽസ്, വീഡിയോകൾ എന്നിവ സമൂഹ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കണം. "No To Drugs" എന്ന പേരിൽ വെബ് സൈറ്റ്, യൂട്യൂബ്, ഇൻസ്റ്റഗ്രാം ഫേസ് ബുക്ക് പേജുകൾ രൂപപ്പെടുത്തണം.
10. വിവിധ സർക്കാർ വകുപ്പുകൾ സംയുക്തമായി PTA കളെക്കൂടി ഉൾപ്പെടുത്തി വിദ്യാലയ സന്ദർശനവും സോഷ്യൽ ഓഡിറ്റിംഗും ചർച്ചകളും നടത്തണം.
11. ഹോസ്റ്റലുകളിൽ വാർഡൻ ചെയർമാനായിട്ടുള്ള "ക്ലബ്ബുകൾ" രൂപീകരിക്കണം. എല്ലാ ഹോസ്റ്റലുകളിലും ഒരു പരിപാടിയെങ്കിലും നടത്തണം.

12. രണ്ടാം ഘട്ട സമാപനം റിപ്പബ്ലിക് ദിനത്തിൽ - ലഹരിയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കൽ. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ഈ ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന് കൈമാറണം.

ഡോ. ആർ. ബിന്ദു
ഉന്നതവിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി

സെക്ഷൻ ഓഫീസർ